LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

122 (2137) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടയം ലഭ്യമാക്കണമെന്നഭ്യർത്ഥിച്ച് ഈ ഗവൺമെന്റിന്റെ കാലത്ത് പാലക്കാട് നിയോജകമണ്ഡലത്തിലെ എത്ര പേരിൽ നിന്ന് അപേക്ഷ ലഭിച്ചിരുന്നു എന്ന് അറിയിക്കുമോ ;

(ബി) ഇതിൽ എത്രപേർക്ക് പട്ടയം അനുവദിച്ച് നൽകിയിട്ടുണ്ട് ; പട്ടയം ലഭിച്ചവരുടെ പേരുവിവരവും ലഭിച്ച ഭൂമിയുടെ വിസ്തൃതിയും അറിയിക്കുമോ ;

(സി) പട്ടയം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിശദീകരിക്കുമോ ;

(ഡി) ഇനിയും എത്ര അപേക്ഷകളിൽ തീർപ്പുണ്ടാക്കാനുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പാലക്കാട് താലൂക്കിൽ 8350 അപേക്ഷകൾ പതിവിനായി ലഭിച്ചിട്ടുണ്ട്.

(ബി) പാലക്കാട് താലൂക്കിൽ 11.4071 ഹെക്ടർ ഭൂമി 558 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. (ജില്ലയിൽ ആകെ 2990 പേർക്ക് മിച്ചഭൂമി നൽകി)

(സി) കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ വിശദീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പട്ടയം വിതരണം ചെയ്തിട്ടുള്ളത്.

(ഡി) ഭൂമി ലഭ്യമായ എല്ലാ കേസുകളിലും (കോടതിയിൽ സ്റ്റേ ഉള്ളവ ഒഴികെ) ഭൂമി അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ ഭൂമി ലഭ്യമാകുന്നതിനനുസരിച്ച് തീർപ്പാക്കുന്നതാണ്.

ആലത്തൂർ നിയോജകണ്ഡലത്തിൽ പട്ടയം ലഭിച്ചവർ

123 (2138) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിലാണ് പട്ടയം നൽകിയതെന്നും എത്ര ഭൂമിക്ക് പട്ടയം നൽകിയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലത്തൂർ താലൂക്കിൽ ഈ സർക്കാർ 465 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) വണ്ടാഴി, എരിമയൂർ, മേലാർക്കോട് എന്നീ പഞ്ചായത്തുകളിലായി 14.2368 ഹെക്ടർ (35.18 ഏക്കർ) മിച്ചഭൂമിക്കാണ് പട്ടയം നൽകിയത്.

കണ്ണൂർ ജില്ലയിലെ ഭൂപ്രശ്നങ്ങൾ

124 (2140) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ നിരവധി വർഷങ്ങളായി ഭൂനികുതി വാങ്ങിക്കൊണ്ടിരിക്കുന്നതും എന്നാൽ സമീപകാലത്ത് നികുതി വാങ്ങാത്തതുമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിൽ നിലവിലുള്ള ഭൂപ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു :

1. അമ്പലക്കണ്ടി-മാനന്തവാടി ടി.എൽ.ബി.യുടെ നിർദ്ദേശപ്രകാരം ഏകദേശം 200 കുടുംബങ്ങളിൽ നിന്നും നികുതി വാങ്ങിക്കുന്നതിന് തീരുമാനമെടുത്തു.

2. വാളത്തോട് -സ്ഥലം ഏറ്റെടുത്ത് പതിച്ചു കൊടുക്കുന്നതിന് ഫോറം 16 പുറപ്പെടുവിച്ചു. പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. പട്ടുവം-തളിപ്പറമ്പ ടി.എൽ.ബി.യുടെ 2-2-2011-ലെ ഉത്തരവുപ്രകാരം പ്രശ്നം പരിഹരിക്കപ്പെട്ടു.

4. പന്നിയൂർ-ഹരിദാസൻ നമ്പൂതിരിയിൽ നിന്നും ഏറ്റെടുക്കുവാൻ ഉത്തരവായ 49.71.500(49 ഏക്കർ 71.50 സെന്റ്) ഏക്കർ സ്ഥലം സർവ്വെ പൂർത്തിയാക്കി ഏകദേശം 125 പേർക്ക് കൈവശം ഉൾപ്പെടെ പതിച്ചു കൊടുക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

5. ജോസ് ഗിരി എസ്റ്റേറ്റ് പ്രശ്നം-തളിപ്പറമ്പ താലൂക്ക് ലാന്റ് ബോർഡ് കേസ് റീ ഓപ്പൺ ചെയ്തു.

6. വടക്കേക്കളം -പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly